(സി) ചെലവൊന്നും ഉണ്ടായിട്ടില്ല.

വിദേശസഹായം ലഭിക്കുന്ന സംഘടനകൾ

8 (8) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. നാലകത്ത് സൂപ്പി:
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെങ്കിലും സംഘടനകൾക്ക് വിദേശസഹായം ലഭിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ സംഘടനകൾക്ക് എന്തു തുക ലഭിക്കുന്നുവെന്നും ഏതു രാജ്യത്തിൽ നിന്നാണ് ലഭിക്കുന്നുതെന്നും വ്യക്തമാക്കുമോ;

(സി) കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങാതെ വിദേശസഹായം സ്വീകരിച്ചതായി ഏതെങ്കിലും സംഘടനകളെപ്പറ്റി പരാതിയുണ്ടോ?

ഉത്തരം

(എ & ബി) കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് 1997-98ൽ സംസ്ഥാനത്ത് 1419 സംഘടനകൾക്ക് വിദേശ സഹായം ലഭിച്ചിട്ടുണ്ട്. കൂടാതെ 1999-ൽ പ്രധാനപ്പെട്ട 19 മത സംഘടനകൾക്കും ഒരു രാഷ്ട്രീയേതര സംഘടനയ്ക്കും വിദേശസഹായം ലഭിച്ചിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) അത്തരം പരാതികളൊന്നും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല.

വിദേശയാത്ര നടത്തിയ മന്ത്രിമാർ

9 (9) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ മന്ത്രിമാർ വിദേശ യാത്ര നടത്തിയിട്ടുണ്ടെന്നും ഓരോ മന്ത്രിമാരും സന്ദർശിച്ച രാജ്യങ്ങൾ ഏതെന്നും മന്ത്രിമാരുടെ പേര് സഹിതം പ്രത്യേകം പ്രത്യേകമായി വെളിപ്പെടുത്തുമോ;

(ബി) ഓരോ മന്ത്രിമാരും വിദേശ യാത്രയ്ക്കായി അലവൻസുകൾ അടക്കം ചെലവാക്കിയ തുകയുടെ വിവരം അവരുടെ പേര് സഹിതം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മുഖ്യമന്ത്രി ; അമേരിക്ക,ജർമ്മനി,നെതർലാന്റ്,യു.എ.ഇ., കാനഡ, ഫ്രാൻസ്, ഇറ്റലി, ദോഹ, ഒമാൻ, മസ്കറ്റ്, അബുദാബി, ദുബായ്, കുവൈറ്റ്

LIBRARY ARCHIVES Kerala Legislative Assembly